(ബി) വർദ്ധിച്ച തോതിൽ മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള ഡാമുകൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഡാമുകളിൽ നിന്ന് മണൽ വാരുന്നതുമൂലം ഡാമിനോ ജനങ്ങൾക്കോ പരിസ്ഥിതിക്കോ ഏതെങ്കിലും തരത്തിലുള്ള കോട്ടം സംഭവിക്കാൻ സാധ്യതയുണ്ടോ ; ഇത് സംബന്ധിച്ച വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) മണൽ വാരൽ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനോടകം ഏതെല്ലാം ഡാമുകളിൽ നിന്ന് മണൽ വാരിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) അണക്കെട്ടുകളിൽ മണൽ നിക്ഷേപത്തിന്റെ അളവ് കണ്ടെത്തുന്നതിനായുള്ള പ്രത്യേക പഠനം വൈദ്യുതി ബോർഡ് നടത്തിയിട്ടില്ല. ജലാശയങ്ങളിൽ മണ്ണടിയൽ മൂലൊന്തിരം സംഭരണശേഷിയിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് കണക്കാക്കാനായി 11 ഡാമുകളിൽ പഠനം നടത്തിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇതുസംബന്ധിച്ച് വിദഗ്ദ്ധ പഠനം വൈദ്യുതി ബോർഡ് നടത്തിയിട്ടില്ല. എന്നാൽ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ വാരുന്നത് ഡാമിന്റെ സംഭരണശേഷി നിലനിർത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡാം നിർമ്മിച്ചപ്പോഴുണ്ടായിരുന്ന ശേഷിവരെ മണലും വെള്ളിയും വാരിമാറ്റുന്നത് മറ്റു പ്രശ്നങ്ങളുണ്ടാക്കാനിടയില്ല.

(ഡി) വൈദ്യുതി ബോർഡിന്റെ പരിധിയിൽനിന്നും ഡാമുകളിൽ നിന്ന് ഇതുവരെയും മണൽ ഖനനം നടത്തിയിട്ടില്ല.

2006-2010 കാലയളവിലെ കേരളത്തിന്റെ വൈദ്യുതോപഭോഗം

149 (4212) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോക്ക പാട്ടിക സാമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-10 വർഷത്തിൽ കേരളത്തിന്റെ വൈദ്യുതി ഉപഭോഗം മൊത്തം എത്ര യൂണിറ്റായിരുന്നു ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും കേന്ദ്ര പൂളിൽ നിന്നും ലഭിച്ച വൈദ്യുതി എത്ര യൂണിറ്റ് ആയിരുന്നു ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് ഈ കാലയളവിൽ വാങ്ങിച്ച വൈദ്യുതി എത്ര യൂണിറ്റ് ; വർഷവും യൂണിറ്റും ഏതു സംസ്ഥാനത്ത് നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കാറ്റാടിയിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം എത്ര ; ഏതൊക്കെ വിഭാഗത്തിൽ നിന്നെത്ര യൂണിറ്റെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006-10 വർഷത്തിലെ സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

2006-07	2007-08	2008-09	2009-10
	(ദശലക്ഷം യൂണിറ്റ്)		
14580.30	15223.93	15451.35	17094.76

(ബി) കേന്ദ്രപൂളിൽ നിന്നും 2006-10 കാറ്റാടിയിൽ വിറ്റ വൈദ്യുതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

അർഹതപ്പെട്ടത്	വിറ്റത്	
വർഷം	(ദശലക്ഷം യൂണിറ്റ്)	
2006-07	10275.600	7747
2007-08	9151.051	7061
2008-09	9084.485	6607
2009-10	8910.620	6929

(സി) 2006-10 കാറ്റാടിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് വൈദ്യുതി വാങ്ങിയിട്ടില്ല. എന്നാൽ കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ട്രേഡർമാർ മുഖാന്തിരം അന്യസംസ്ഥാനങ്ങളിൽ ഉള്ള സ്രോതസ്സുകളിൽ നിന്നും വാങ്ങിയ വൈദ്യുതി യൂണിറ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

2007-08	
2006-07	വാങ്ങിയിട്ടില്ല
2007-08	
2008-09	218.53 ദശലക്ഷം യൂണിറ്റ്
2009-10	257.60 യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2006-10 കാലയളവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ വിവരങ്ങൾ

	2006-07	2007-08	2008-09	2009-10
		(ദശലക്ഷം യൂണിറ്റിൽ)		
ജലസ്ത്രോതസ്സ് (കെ.എസ്.ഇ.ബി)	7496.62	8327.45	5839.28	6646.27
കെ.ഡി.പി.പി.	161.57	278.38	437.04	359.44
ബി.ഡി.പി.പി.	85.35	95.76	216.49	232.83
കാറ്റ് (കഞ്ചിക്കോട്)	2.14	1.96	1.68	1.84
ക്യാപ്റ്റീവ് ജനറേഷൻ	90.55	101.70	63.72	68.04
സ്വകാര്യ നിലയങ്ങൾ [ബി.എസ്.ഇ.എസ്., കെ.പി.സി.എൽ. കായംകുളം, അളുങ്കൽ, എം.പി.എസ്സ്.റ്റീൽ, കാറ്റ് (അഗളി), രാമക്കൽമേട്)]	35.38	196.43	1591.15	1926.46

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം പരിഹരിക്കാൻ നടപടി

150 (4213) ശ്രീ. കോലിയൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരിസരവാസികളുടെ തർക്കങ്ങളെ തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 റെഗുലേഷൻ (6) പ്രകാരം പരിസരവാസികളുടെയും മറ്റും നിയമപരമായ എല്ലാ അനുമതികളും വാങ്ങി നൽകേണ്ടത് ഉപഭോക്താവിന്റെ ചുമതലയാണെങ്കിലും ഇത്തരം തർക്കങ്ങൾ ഉണ്ടാകുന്ന അപേക്ഷകളിൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 68 പ്രകാരം ഓവർ ഹെഡ്ലൈൻ സ്ഥാപിക്കുന്നതിലെ തർക്കങ്ങൾ പരിഹരിക്കാൻ ആയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ തീരുമാനത്തിന് വിടണമെന്ന നിയമത്തിന്റെ രീതി പിൻതുടർന്ന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പരിസരവാസി

LIBRARY ARCHIVES Kerala Legislative Assembly